"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കടുത്തുരുത്തി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപെട്ട് കോട്ടയം സബ് കോടതിയിലെ LAR 12/14, LAR 23/14 നമ്പർ കേസുകളിലെ വിധിക്കടത്തുക അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.963/2026/PWD തീയതി,തിരുവനന്തപുരം, 19-08-2026

പരാമർശം:- 1. സ.ഉ.(സാധാ) നം.959/2026/PWD തീയതി, 19-08-2026

2. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 06.08.2026, 03.08.2026 ലെ CEPWD/12574/2022-FR7-PWD നമ്പർ കത്തുകൾ.

**ഉത്തരവ്**

കടുത്തുരുത്തി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപെട്ട് കോട്ടയം സബ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള വിവിധ LAR കേസുകൾക്ക് അനുവദിക്കേണ്ട തുകയായ 10,81,16,013/- രൂപ 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ മേൽ പരാമർശം 1 പ്രകാരം അനുവദിച്ചിരുന്നതാണ്.

2. മേൽ വിഷയവുമായി ബന്ധപ്പെട്ട LAR 12/14, LAR 23/14 നമ്പർ കേസുകൾക്ക് വിധിക്കടത്തുക നൽകുന്നതിനായി യഥാക്രമം 8,28,302/- രൂപയും 5,40,36,824/-രൂപയും ആവശ്യമാണെന്നും, പ്രസ്തുത തുക അനുവദിക്കുന്നതിലേക്കായി മുൻപ് അനുവദിച്ച 10,81,16,013/- രൂപയുടെള്ള ഭരണാനുമതിയോടൊപ്പം ടി തുകയും കൂടി ഉൾപ്പെടുത്തി ആകെ 16,29,81,139/- രൂപയുടെ (പതിനാറ് കോടി ഇരുപത്തി ഒൻപത് ലക്ഷത്തി എൺപത്തി ഒന്നായിരത്തി നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മേൽ പരാമർശം 2 പ്രകാരം നിരത്ത് വിഭാഗം ചീഫ് എൻഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻറ അടിസ്ഥാനത്തിൽ കടുത്തുരുത്തി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപെട്ട് കോട്ടയം സബ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള LAR 12/14, LAR 23/14 നമ്പർ കേസുകൾക്ക് വിധിക്കടത്തുക നൽകുന്നതിനായി യഥാക്രമം വേണ്ട 8,28,302/- രൂപയും 5,40,36,824/- രൂപയും അനുവദിക്കുന്നതിലേക്കായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ച 10,81,16,013/- രൂപയുടെള്ള ഭരണാനുമതിയോടൊപ്പം ടി. തുകയും കൂടി ഉൾപ്പെടുത്തി ആകെ 16,29,81,139/-രൂപയുടെ (പതിനാറ് കോടി ഇരുപത്തി ഒൻപത്

ലക്ഷത്തി എൺപത്തി ഒന്നായിരത്തി നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337- 80-00-00-PC എന്ന ശീർഷകത്തിൽ അനുവദിച്ചുകൊണ്ട് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SATHEESH KUMAR C
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Digitally signed by
Aneesh S
Date: 19-08-2026
17:14:00
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ചീഫ് എൻജിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്ത് വിഭാഗം), സൗത്ത് സർക്കിൾ, തിരുവനന്തപുരം.
ജില്ലാ കലക്ടർ, കോട്ടയം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.